LIBRARY ARCHIVES Kerala Legislative Assembly

സൈക്യാട്രിസ്റ്റ് ഇല്ലാത്തതിനാൽ മഞ്ചേരി മെഡിക്കൽ കോളേജിലെ സൈക്യാട്രിസ്റ്റിന്റെ സേവനമാണ് ലഭിക്കുന്നത്. കിടത്തി ചികിത്സ ആവശ്യമുള്ള രോഗികളെ മഞ്ചേരി മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യുന്നു.

(സി) വിമുക്തി ലഹരി വിമുക്ത കേന്ദ്രത്തിന്റെ നടത്തിപ്പ് ചെലവുകൾ വഹിക്കുന്നത് ഏത് വകുപ്പാണെന്നും നിലമ്പൂർ ജില്ലാ ആശുപത്രിയിൽ വിമുക്തി ലഹരി വിമുക്ത കേന്ദ്രം സ്ഥാപിക്കുന്നതിന് എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

നിലമ്പൂർ ലഹരി മോചന കേന്ദ്രത്തിലെ ചെലവുകൾ വഹിക്കുന്നത് എക്സൈസ് വകുപ്പാണ്. നിലമ്പൂർ ജില്ലാ ആശുപത്രിയോട് അനുബന്ധിച്ച് ലഹരി മോചന ചികിത്സാ കേന്ദ്രം ആരംഭിക്കുന്നതിന് 4,03,931 രൂപ ചെലവായിട്ടുണ്ട്.

(ഡി) പ്രസ്തുത കേന്ദ്രത്തിൽ കിടത്തി ചികിത്സ പുനരാരംഭിക്കുന്നതിന് ആവശ്യമായ സൗകര്യം അടിയന്തരമായി ലഭ്യമാക്കുവാൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകുമോ?

കിടത്തി ചികിത്സ പുനരാരംഭിക്കുന്നതിന് കോവിഡിന്റെ വ്യാപനം കുറയുന്നതിനനുസരിച്ച് വിമുക്തി വാർഡ് തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ആരോഗ്യകേന്ദ്രങ്ങളിൽ ഐസൊലേഷൻ വാർഡുകൾ

172 (3199) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കുമോ?

ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രം പാലമേലിനെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ആർദ്രം രണ്ടാം ഘട്ടത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രം വള്ളിക്കുന്നം, നൂറനാട്, തഴക്കര, താമരക്കുളം എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. അവയുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

തഴക്കര കുടുംബാരോഗ്യ കേന്ദ്രം എൻ.എച്ച്.എം.-ഉം എൽ.എസ്.ജി.ഡി.-യും മുഖേന അനുവദിച്ച (15.5 + 22.5) 38 ലക്ഷം രൂപ ഉപയോഗിച്ച് യോഗാഹാൾ, പാലിയേറ്റീവ്, ഹെൽത്ത് ഇൻസ്പെക്ടർ ഓഫീസ് കെട്ടിടം എന്നിവ പണികഴിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

എം.എൽ.എ. ഫണ്ട് മുഖേന 57 ലക്ഷം രൂപ ഒ.പി, വെയ്റ്റിംഗ് ഏരിയ, ഒബ്സർവേഷൻ റൂം, നേഴ്സിംഗ് സ്റ്റേഷൻ, ലാബ് എന്നിവയ്ക്കായി ഒരു പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതാണ്. ലാബ് മുതലായവയ്ക്ക് കെട്ടിടം ലഭ്യമല്ലാത്തതിനാൽ പൂർണ്ണതോതിൽ കുടുംബാരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. നൂറനാട് കുടുംബാരോഗ്യ കേന്ദ്രം എൻ.എച്ച്.എം.-ന്റേയും എൽ.എസ്.ജി.ഡി.-യുടേയും ഫണ്ടായ (16+2) 18 ലക്ഷം രൂപ ചെലവിൽ ഒ.പി. ബ്ലോക്ക് കെട്ടിടം പണി ആരംഭിച്ചു. എം.എൽ.എ. ഫണ്ട് 48 ലക്ഷം രൂപ ചെലവിൽ ലാബ്, ഫാർമസി, സ്റ്റോർ, ഇമ്മ്യൂണൈസേഷൻ എന്നിവയ്ക്കുള്ള കെട്ടിടം പൂർത്തിയാക്കുന്ന മുറയ്ക്ക് കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിക്കുന്നതാണ്. പാലമേൽ കുടുംബാരോഗ്യ കേന്ദ്രം എൻ.എച്ച്.എം. ഫണ്ട് 8 ലക്ഷം രൂപ ഉപയോഗിച്ച് കെട്ടിടം അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് പൂർണ്ണമായും പ്രവർത്തിക്കുന്ന കുടുംബാരോഗ്യ കേന്ദ്രമാക്കി. എൻ.എച്ച്.എം. ഫണ്ടായ 18 ലക്ഷം രൂപ ഉപയോഗിച്ച് താമരക്കുളം കുടുംബാരോഗ്യകേന്ദ്രത്തിന്റെ അറ്റകുറ്റപ്പണി പൂർത്തീകരിച്ചു. വള്ളിക്കുന്നം കുടുംബാരോഗ്യ കേന്ദ്രം എൻ.എച്ച്.എം.-ന്റേയും എൽ.എസ്.ജി.ഡി.-യുടേയും ഫണ്ടായ (15+15) 30 ലക്ഷം രൂപ ഉപയോഗിച്ച് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു. 35 ലക്ഷം രൂപ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് പി.ഡബ്ല്യു.ഡി. മുഖാന്തരം ഒ.പി. ബ്ലോക്കിന്റെ വർക്ക് പൂർത്തീകരിച്ചു. കുടുംബാരോഗ്യ കേന്ദ്രം ആയി പൂർണ്ണതോതിൽ പ്രവർത്തിക്കുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിലെ വിവിധ ആരോഗ്യകേന്ദ്രങ്ങളിൽ ഐസൊലേഷൻ വാർഡുകൾ സജ്ജീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

26-7-2021-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 1555/2021/ആ.കു.വ., പ്രകാരം ഒരു അസംബ്ലി മണ്ഡലത്തിൽ ഒന്ന് വീതം ആരോഗ്യ സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ മാവേലിക്കര മണ്ഡലത്തിൽ വള്ളിക്കുന്നം കുടുംബാരോഗ്യകേന്ദ്രത്തെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(സി) പ്രസ്തുത ഐസൊലേഷൻ വാർഡിലെ സജ്ജീകരണങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ?

മേൽ യൂണിറ്റിൽ 10 കിടക്കകളുള്ള ഐസൊലേഷൻ വാർഡ്, അടിയന്തര ചികിത്സയ്ക്കുള്ള റെസെഷൻ യൂണിറ്റ്, നഴ്സിംഗ് യൂണിറ്റ്, ഡോക്ടർ കൺസൾട്ടേഷൻ റൂം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ വിഭാവനം ചെയ്യുന്നു. ഏതൊരു അടിയന്തര സാഹചര്യത്തേയും നേരിടുന്നതിന് ഇടതടവില്ലാതെയുള്ള ഓക്സിജൻ സംവിധാനവും സക്ഷൻ സംവിധാനവും ടി യൂണിറ്റിൽ ഒരുക്കുന്നുണ്ട്.